

# സ്വാതന്ത്ര്യവും സമത്വവും വ്യാജ അവകാശവാദങ്ങളും

**കവർസ്റ്റോറി**

○

ഡോ. അസ്സാം തമീമി

**പൊതുവെ** പടിഞ്ഞാറ് യുക്തിപരമായിട്ടാണ് കാര്യങ്ങൾ വിലയിരുത്താറുള്ളത്.
എന്നാൽ ഉപരിപ്ലവമായ വിശകലനങ്ങളിലൂടെയാണ് ഇസ്‌ലാമിക ലോകത്തെയും
മുസ്‌ലിംകളെയും അവർ മനസ്സിലാക്കാൻ ശ്രമിക്കുന്നത്. പാശ്ചാത്യർക്ക് പൊതുവെ
യുള്ള പഠന ഗവേഷണ നൈപുണ്യങ്ങൾ, സൂക്ഷ്മ നിരീക്ഷണ പാടവം തുടങ്ങിയ
വയൊന്നും ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും കാര്യങ്ങൾ വിശകലനം ചെയ്യു
മ്പോൾ അവരിൽ കാണുന്നില്ല. ഇസ്‌ലാം സ്വാതന്ത്ര്യത്തെ മാനിക്കുന്നില്ല, ഏകാധി

പത്യസ്വഭാവം കൂടുതലാണ് തുടങ്ങിയ കൊണ്ടുപിടിച്ച പ്രചാരണങ്ങളിലൂടെയാണ് 'ഭീകരവാദം' സാധൂകരിക്കപ്പെടുന്നത്. മാനുഷികമായ പെരുമാറ്റ രീതികളിൽപോലും അകലം പാലിക്കുന്നവരും അപരിഷ്കൃതരും ആക്രമണോത്സുകത പ്രകടിപ്പിക്കുന്ന വരുമാണ് മുസ്‌ലിംകൾ എന്ന പൊതുവായ വാർപ്പുമാതൃകകളാണ് യൂറോപ്പിലും അമേരിക്കയിലും വ്യാപകമായ രീതിയിൽ പ്രചരിപ്പിക്കുന്നത്. അവരുടെ അക്കാദ മിക വ്യവഹാരങ്ങൾ മുതൽ തെരുവു പ്രസംഗങ്ങൾ വരെ ഇത് നിഴലിച്ചു നിൽക്കു ന്നുണ്ട്. അവരുടെ വംശീയ വിദ്വേഷത്തിന് ചില ചിഹ്നങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. ഇസ്‌ലാമിനെ അവർ പരിചയപ്പെടുത്തുന്നത് അവർതന്നെ സൃഷ്ടിച്ച നിർമിതികളി ലൂടെയാണ്. ഇസ്‌ലാമിക ലോകത്ത് നിലനിൽക്കുന്ന ഫ്യൂഡൽ ഭരണാധികാരികളി ലേക്ക് ചൂണ്ടിയാണ് സ്വാതന്ത്ര്യത്തെക്കുറിച്ച് വളരെ ലിബറലായ ആശയങ്ങൾ അവർ മുന്നോട്ടു വെക്കുന്നത്. യഥാർഥത്തിൽ അവർ സൃഷ്ടിച്ച രാഷ്ട്രക്രമവും ഭരണകൂട ങ്ങളുമാണ് ഇസ്‌ലാമിക ലോകത്തെ ഫ്യൂഡൽ അധികാരികൾ. ഇറാഖിൽ സദ്ദാംഹു സൈനെ വധിച്ചതിനുശേഷം ഭരണത്തിലേറ്റിയത് അവിടത്തെ ജനങ്ങളുടെ ഭൂരിപക്ഷ പിന്തുണയില്ലാത്ത ഭരണകൂടത്തെയാണ്. അഫ്ഗാനിസ്താനിലും അവർ ചെയ്തത് ഇതുതന്നെയാണ്. മുസ്‌ലിം ലോകത്തെ ജനാധിപത്യ ശ്രമങ്ങളെ അട്ടിമറിക്കാനും അക്രമിക്കാനും അവർ തയാറായിട്ടുണ്ട്. ഹമാസ് അധികാരത്തിൽ വന്നത് ജനാധിപ ത്യക്രമത്തിലൂടെയാണ്. പക്ഷേ, ഹനിയ്യ സർക്കാറിനെ ഉപരോധിക്കാനും അട്ടിമറി ക്കാനും മുൻകൈയെടുത്തവർ പാശ്ചാത്യരായിരുന്നു. ഏകാധിപതികളും സയണി സ്റ്റുകളും വാഴുന്ന ഭരണക്രമത്തെയാണ് ജനാധിപത്യ നിർമാണം, അന്ധകാര ത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്ക് എന്നൊക്കെ ഇവർ വിശേഷിപ്പിച്ച് കൊണ്ടിരിക്കു ന്നത്.

മധ്യകാലത്തിന്റെ ശോഭനമായ മുസ്‌ലിം ചരിത്രങ്ങൾ വിസ്മരിക്കാനാണ് നിര ന്തരമായ അധീശത്വം പടിഞ്ഞാറ് നിലനിർത്തുന്നത്. പഠിപ്പിക്കലിന്റെയും കണ്ടുപിടു ത്തത്തിന്റെയും അവകാശങ്ങൾ സ്ഥാപിക്കാനാണ് മുസ്‌ലിം ലോകത്തെ നിരന്തരം വേട്ടയാടുന്നത്. ഇബ്നു റുഷ്ദും ഇബ്നു ഖൽദൂനും ഇബ്നുസീനയും ഇബ്നു ഹൈഥമും ഇമാം റാസിയും പറഞ്ഞതിൽനിന്ന് ഒരൽപവും മൗലികമായ ഭാവനകൾ വികസിപ്പിക്കാൻ അവർക്ക് സാധിച്ചിട്ടില്ല. ഗണിതം, സാമൂഹികം, നരവംശം, വൈദ്യം, തത്ത്വശാസ്ത്രം തുടങ്ങി നിരവധി ശാസ്ത്രമേഖലകളിൽ മൗലികമായ സംഭാവന കൾ ചെയ്തത് ഇസ്‌ലാമിക ലോകമാണ്. അൽപം മണ്ണ് നീക്കിയാൽ വാഷിംഗ്ട ണിലും മാഡ്രിഡിലും ലണ്ടനിലും ഇബ്നു റുഷ്ദിന്റെയും ഇബ്നു ഖൽദൂന്റെയും 'അപരിഷ്കൃതത്വം' പുറത്തു വരുന്നത് കാണാൻ സാധിക്കും. വിജ്ഞാനത്തിനും ചിന്തക്കും ഇസ്‌ലാം നൽകിയ ഉപാധികളില്ലാത്ത പിന്തുണ കാരണമാണ് നിരവധി പ്രതിഭകളുടെ വസന്തം ഒരു സ്ഥലത്ത് മാത്രം പൂത്തുലഞ്ഞത്. ആധുനിക യൂറോ പ്പിന്റെ തത്ത്വശാസ്ത്രങ്ങൾ പിറവിയെടുത്തത് വലിയ മോഷണങ്ങളിലൂടെയായിരു ന്നു. അറിവ് കൊള്ളക്കൊടുക്കലുകളുടെ പൂർണതയാണെങ്കിലും യൂറോപ്പ് ഇതംഗീ കരിക്കാൻ തയാറില്ലായിരുന്നു. ലിബറലിസം, സോഷ്യലിസം, സെക്യുലറിസം തുട ങ്ങിയ ചിന്താപദ്ധതികളുടെ വികാസങ്ങളാണ് തങ്ങളുടെ പുരോഗതിയുടെ അടിസ്ഥാ നമെന്നവർ വിശ്വസിക്കുന്നുണ്ട്. ഉദാരമായ സമീപനങ്ങളാണ് തങ്ങളെ ഉൽകൃഷ്ടരാ ക്കിയതെന്ന വംശീയ ബോധവും വേണ്ടുവോളം അവർക്കുണ്ട്. ഇത്തരത്തിലുള്ള ചി ന്താ പദ്ധതികളെ ഇസ്‌ലാം നിന്ദ്യമായി വിലയിരുത്തുന്നുവെന്ന വലിയ ആരോപണ വും അവർ ഉന്നയിക്കുന്നു. നിരവധി അടിസ്ഥാന ജനവിഭാഗങ്ങളുടെ ചോരയിലാ ണ് വൈറ്റ്ഹൗസും ന്യൂയോർക്കും വളർന്ന് പന്തലിച്ചുനിൽക്കുന്നത്. സ്ത്രീ മനുഷ്യ

നാണോ എന്ന ചർച്ച ഇരുപതാം നൂറ്റാണ്ടിലും നടത്തിയ സ്ഥലമാണ് പടിഞ്ഞാറ്.

യൂറോപ്പിൽനിന്ന് മുസ്‌ലിംകളും മുസ്‌ലിം ലോകത്തുനിന്ന് യൂറോപ്പും നിരവധി ആശയങ്ങളും വിവരങ്ങളും സമ്പാദിച്ചിട്ടുണ്ട്. പക്ഷേ ഏകപക്ഷീയമായ അധികാരത്തിനും വിജ്ഞാനത്തിന് മേലുള്ള ഉടമസ്ഥാവകാശത്തിനുമാണ് പടിഞ്ഞാറ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ചരിത്രമെഴുത്ത്, പാഠപുസ്തകങ്ങൾ, ഗവേഷണ വിഷയങ്ങൾ, മീഡിയ തുടങ്ങിയവയിലൂടെ ഇതുറപ്പിക്കാൻ അവർ ശ്രമിക്കുകയും ചെയ്യുന്നു. ആവിഷ്‌കാര സ്വാതന്ത്ര്യങ്ങളാണ് മറ്റൊരു വിഷയം. ഒരു വ്യക്തിക്ക് തന്റെ വിശ്വാസങ്ങൾ പ്രചരിപ്പിക്കാനും വിശ്വസിക്കാനുമുള്ള സ്വാതന്ത്ര്യം, ഭരണകൂടത്തെ വിമർശിക്കാനുള്ള പൗരാധികാരം, കലാസ്വാതന്ത്ര്യം തുടങ്ങിയവയിലൂടെയാണ് ഒരു പ്രത്യയശാസ്ത്രത്തിന്റെയും ഭരണഘടനയുടെയും ഉൾക്കനത്തെകുറിച്ച് ബോധ്യമാവുക. യൂറോപ്പിന് ഏകമുഖമായ മാനദണ്ഡങ്ങളില്ല. ബ്രിട്ടനിലും സ്വിറ്റ്‌സർലന്റിലും അമേരിക്കയിലും വ്യത്യസ്തമായ മാനദണ്ഡങ്ങളാണ് ഭരണഘടനയുടെയും നിയമവ്യവഹാരങ്ങളുടെയും അടിസ്ഥാനം. പക്ഷേ വംശീയമായ ഒരു മേൽകോയ്മ ഇവയുടെ പൊതുസ്വഭാവമായി കാണാൻ കഴിയും. കറുത്തവരുടെയും ഏഷ്യൻ വംശജരുടെയും കേസുകൾ പരിഗണിക്കുന്നത് വളരെ അപൂർവമാണ്. ഇപ്പോഴും തെരുവുകളിൽ പോലും അയിത്തം വ്യാപകമായി നിലനിൽക്കുന്നുണ്ട്. ജൂത ഉന്മൂലനം(ഹോളോകാസ്റ്റ്), യൂറോപ്പിന്റെ പിന്തുണയോടെ ജൂതന്മാർ നടത്തുന്ന അറബ് ഉന്മൂലനം, സ്റ്റാലിനിസ്റ്റ് വാഴ്ച, ലോകയുദ്ധങ്ങൾ, ഗ്വാണ്ടനാമോ തടവറകൾ, അഫ്ഗാനിലെയും ഇറാഖിലെയും പാശ്ചാത്യ സൈന്യങ്ങൾ തുടങ്ങിയവ പടിഞ്ഞാറിന്റെ സ്വാതന്ത്ര്യത്തിന് നേരെയുള്ള സമീപനത്തിന്റെ നേർപകർപ്പുകളാണ്. ഞങ്ങൾ 'സ്വാതന്ത്ര്യം' നൽകുന്നു എന്നു പറയുമ്പോൾ അത് പ്രത്യേക വിഭാഗത്തിനുമാത്രമാണ്. നിരുപാധികമായ വിമർശനങ്ങളെയും എഴുത്തുകളെയും കണ്ടുപിടുത്തങ്ങളെയും ലാഘവത്തോടെയല്ല അവർ കൈകാര്യം ചെയ്തിരുന്നത്.

എന്നാൽ ഇസ്‌ലാമിക ലോകത്ത് ഇതിൽനിന്ന് നേർവിപരീതമായ സ്വഭാവം കാണാൻ സാധിക്കും. എല്ലാ ആവിഷ്‌കാരങ്ങളെയും വിലക്കുന്നത് പാശ്ചാത്യർ പിന്തുണക്കുന്ന ഭരണകൂടങ്ങളാണ്. ജനാധിപത്യ രാജ്യങ്ങളെപ്പോലും വരുതിയിലാക്കുന്ന ചാരവൃത്തികളും കരാറുകളും വ്യാപകമായ രീതിയിൽ നടത്തപ്പെടുന്നുണ്ട്. പണസഹായം നൽകി അടിമകളാക്കുന്ന രാഷ്ട്രങ്ങളും രാഷ്ട്രനേതാക്കളും കുറവല്ല. നൂറ്റാണ്ടുകളോളം ഭൂമിയുടെ വലിയൊരു ഭാഗവും വെട്ടിപ്പിടിച്ച് ആധിപത്യം ഉറപ്പിച്ചവരാണ് യൂറോപ്യൻമാർ. സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ഓരോ രാഷ്ട്രത്തിന്റെയും പോരാട്ടങ്ങളെ രക്തരൂഷിതമായാണ് അവർ നേരിട്ടത്. അവർ മനുഷ്യക്കടത്തു നടത്തുകയും കർഷകരുടെ ഉൽപന്നങ്ങൾ വ്യാപകമായി കൊള്ളയടിക്കുകയും ചെയ്തിരുന്നു. ഇന്നും മറ്റു രാജ്യങ്ങളോട് വളരെ സുന്ദരമായ പദക്കസർത്തുകളിലൂടെ അതുതന്നെയാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. സെക്യുലർ മോഡേണിറ്റി എന്ന യൂറോപ്യൻ വ്യവഹാരങ്ങളിലൂടെ ഓരോ രാഷ്ട്രത്തിലും അവരുടെ ചിന്താപദ്ധതികളെയാണ് സ്ഥാപിച്ചെടുക്കുന്നത്.

ഇസ്‌ലാമിക പ്രബോധനം നിർവഹിക്കാൻ നിയുക്തനായ മുഹമ്മദിനോട് 'വായിക്കുക' എന്ന് പറഞ്ഞുകൊണ്ടാണ് ഖുർആൻ അവതീർണമാകുന്നത്. ഇത് വായനയെയും പഠനത്തെയും മാത്രമല്ല തികഞ്ഞ സ്വാതന്ത്ര്യത്തെയാണ് കുറിക്കുന്നത്. എന്തും വായിക്കാനും പഠിക്കാനുമുള്ള നിരുപാധികമായ സ്വാതന്ത്ര്യമാണ് ഇസ്‌ലാമിന്റെ ചൈതന്യം. വിജ്ഞാനം അന്വേഷിക്കുക, വിജ്ഞാനത്തിനുവേണ്ടി പ്രാർഥിക്കുക, വിജ്ഞാനം വിശ്വാസിയുടെ നഷ്ടപ്പെട്ടുപോയ ധനമാണ് തുടങ്ങിയ പ്രവാ

ചക വചനങ്ങളും വഹ്‌യിന്റെ തുടക്കത്തെ ശക്തിപ്പെടുത്തുന്നതാണ്. ഈ അന്വേഷണമാണ് ഇസ്‌ലാമിക ചരിത്രത്തിൽ അവിസ്മരണീയമായ മുഹൂർത്തങ്ങൾ സൃഷ്ടിച്ചത്. ഒരു കാലം തന്നെ ലോകത്തിനു മുഴുവൻ റഫർ ചെയ്യാൻ പറ്റിയ രീതിയിൽ നിലനിന്നിരുന്നു.

അറബി ഭാഷ വളരെ പഴക്കമേറിയ ഭാഷയാണെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. വിവിധങ്ങളായ നാഗരികതകളുടെ അടിയാധാരമായി ഈ ഭാഷ വർത്തിച്ചിട്ടുണ്ട്. വംശീയമോ മതപരമോ ആയ യാതൊരു വിഭജനവും കൂടാതെ സ്വീകരിക്കേണ്ടവയാണ് അറബിയും ഖുർആനും. യൂറോപ്പ് ഇതിനെ വംശീയമായി കാണുകയും അറബികളു (മുസ്‌ലിംകളെ യൂറോപ്പ് പൊതുവായി വിളിക്കുന്ന പേര്)മായി രഹസ്യധാരണയിലൂടെ വിജ്ഞാനശേഖരങ്ങളും പെട്രോൾ ഉൽപന്നങ്ങളും ഒരുപോലെ കൈവശപ്പെടുത്തുകയും ചെയ്തു. മുസ്‌ലിംകളിൽ സ്വതന്ത്ര മനസ്സ് നിലനിൽക്കാതിരിക്കാൻ അവരുടെ രാജ്യങ്ങളിൽ ഏകാധിപതികളെ വാഴിക്കുകയും രാജ്യങ്ങളെ കഷ്ണങ്ങളാക്കി വിഭജിക്കുകയും ദേശരാഷ്ട്ര വികാരങ്ങളിലും പരസ്പര പോരിലും അവരെ തളച്ചിടുകയും ചെയ്തു. കൊളോണിയൽ കാലഘട്ടത്തിൽ വൈജ്ഞാനിക പാരമ്പര്യങ്ങളുമായി അറബികളെ ചേർത്തുവെക്കുന്ന എല്ലാ കണ്ണികളും അറുത്തു മാറ്റാൻ ഇവർ ശ്രമിച്ചു. ശോഭനമായ നാഗരിതകളുടെ കുറ്റൻ സ്മാരകങ്ങളടക്കം പൊള്ളയാക്കാൻ ശ്രമിച്ചത് പടിഞ്ഞാറായിരുന്നു. പിന്നീടാണ് അറബിനെയും കിഴക്കിനെയും കുറിച്ച് ചരിത്രപഠനങ്ങളും ഗവേഷണങ്ങളും ഓറിയന്റലിസമെന്ന പേരിൽ അവർ നടത്തുന്നത്. സമകാല യൂറോപിനും അമേരിക്കക്കും മുസ്‌ലിംകളെ വളരെ എളുപ്പത്തിൽ ഭീകരവാദികൾ എന്ന് വിളിക്കാനും ലോകമൊന്നടങ്കം അതാവർത്തിക്കാനും ഹേതുവായതിലും ഓറിയന്റലിസ്റ്റ് പഠനങ്ങൾക്ക് വലിയ പങ്കാണുള്ളത്. ജൂതരാഷ്ട്രത്തിന്റെ ക്രൂരതകൾ പോലും സാധൂകരിക്കപ്പെടുന്നത് യൂറോപ്പ് നടത്തിയ വികലവും ആസൂത്രിതവുമായ പഠനങ്ങളിലൂടെയാണ്. യഥാർഥത്തിൽ ഓറിയന്റലിസമായിരുന്നു ഹോളോകാസ്റ്റായി വിലയിരുത്തേണ്ടിരുന്നത്. ഒരു സമൂഹത്തെ അപരിഷ്കൃതരായി ചിത്രീകരിച്ച് അവരുടെ നിലനിൽപ് ലോകസമാധാനത്തിന് വെല്ലുവിളിയാണെന്ന മട്ടിൽ അവതരിപ്പിക്കുന്നതാണ് വംശീയ ഉന്മൂലനത്തിന് ഏറ്റവും എളുപ്പമായ വഴി. ഈയൊരു ഗൂഢപദ്ധതിയുടെ ഭാഗമായിട്ടു തന്നെയാണ് പ്രവാചകനെക്കുറിച്ച കാർട്ടൂണുകളും സൽമാൻ റുഷ്ദിയുമെല്ലാം പ്രത്യക്ഷപ്പെടുന്നത്. ആവിഷ്കാര സ്വാതന്ത്ര്യം ഒരു ജനതയുടെ ജീവിക്കാനുള്ള സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റങ്ങളാവരുത്. യൂറോപ്പിന്റെ ചരിത്രത്തിൽ ഗവേഷണങ്ങളെയും ആവിഷ്കാരങ്ങളെയും നേരിട്ട രീതിയും നമുക്ക് പരിശോധിക്കേണ്ടിവരും. പാശ്ചാത്യരുടെ കോളനികളായിരുന്ന രാഷ്ട്രങ്ങളിലെ ഔദ്യോഗിക മീഡിയയും വലിയ വ്യത്യാസമില്ലാത്ത നിലപാടുകളാണ് മുസ്‌ലിം വിഷയങ്ങളിൽ സ്വീകരിക്കുന്നത്. നൂറ്റാണ്ടുകളായി പ്രസരിച്ച അധീശത്വത്തിന്റെ അടയാളങ്ങളാണ് മൂന്നാം ലോകരാജ്യങ്ങളുടെ ദാസ്യമനോഭാവം. മിഡിൽ ഈസ്റ്റിന് പ്രത്യേകം ലേഖകന്മാർ, അവിടത്തെ വംശങ്ങളെക്കുറിച്ച് നിരവധി ഗവേഷണ പ്രബന്ധങ്ങൾ, മധ്യപൗരസ്ത്യ രാഷ്ട്രീയ നിരീക്ഷകർ..... ഇങ്ങനെയുള്ള മധ്യ പൗരസ്ത്യ വലയങ്ങളിലൂടെ നിലനിർത്തപ്പെടുന്നത് ഇസ്രയേലാണ്. ഇസ്രയേലിന് വേണ്ടിയുള്ള വാർത്തകൾ, രാഷ്ട്രീയ നിരീക്ഷണങ്ങൾ, പഠനങ്ങൾ എന്നിവയാണ് ഈ മിഡിലീസ്റ്റ് പ്രേമത്തിലൂടെ നിർവഹിക്കപ്പെടുന്നത്. ഇസ്രയേലും ഗ്വാണ്ടനാമോയും നിലനിൽക്കുന്ന സാഹചര്യത്തിൽ പടിഞ്ഞാറ് എത്ര ഉറക്കെ സ്വാതന്ത്ര്യത്തെക്കുറിച്ച് സംസാരിച്ചാലും അത് വെറും ഒച്ചപ്പാട് മാത്രമായി അവശേഷിക്കും.

സമത്വമാണ് യൂറോപ്പ് ഏറെ ആർഭാടപൂർവം ആഘോഷിക്കുന്ന ലിബറൽ മൂല്യം. പ്രായോഗികമായി ഒട്ടും നടപ്പിലാവാത്ത ഒരു സിദ്ധാന്തമാണ് യൂറോപ്പിനെ സംബന്ധിച്ചേടത്തോളം സമത്വമെന്നത്. വിവിധ വംശജരായ കുടിയേറ്റക്കാർ, കറുത്തവർഗക്കാർ എന്നിവരോട് കൊളോണിയൽ മനോഭാവത്തോടെയാണ് അവർ പെരുമാറുന്നത്. മുസ്‌ലിം ലോകത്ത് ഭരണാധികാരികളുടെ ഏകാധിപത്യ പ്രവണതകൾമൂലം സ്വാതന്ത്ര്യം ഏറക്കുറെ ചെറുതാവുമ്പോഴും സമത്വമെന്നാശയം ഇപ്പോഴും അവർ മുറുകെ പിടിക്കുന്നുണ്ട്. നമസ്കാരവും ഹജ്ജും ഇതിനുഹാദരണങ്ങളാണ്. കറുത്ത വർഗക്കാരിയായ ഒരു സ്ത്രീയുടെ അനുസ്മരണ ചടങ്ങുകൂടിയാണ് ഹജ്ജ്. അറബിക്ക് അനറബിയെക്കാളോ വെളുത്തവന് കറുത്തവനെക്കാളോ ശ്രേഷ്ഠതയില്ലെന്ന പ്രവാചകന്റെ പ്രസിദ്ധമായ മനുഷ്യാവകാശ പ്രഖ്യാപനം മുസ്‌ലിംകൾ മുറുകെ പിടിക്കുന്നുണ്ട്. പല സ്ഥലങ്ങളിലും ഇസ്‌ലാമിന്റെ വളർച്ചക്കു തന്നെ കാരണം സമത്വമെന്ന സിദ്ധാന്തമായിരുന്നു. പേർഷ്യക്കാരൻ സൽമാനും എത്യോപ്യക്കാരൻ ബിലാലും എന്നിൽ പെട്ടവരാണ്, ഞാൻ അവരിലും പെട്ടവനാണ് എന്ന് തിരുവചനം ഉത്തുംഗമായ മാനുഷിക മൂല്യങ്ങളെയാണ് ഉയർത്തിപ്പിടിക്കുന്നത്. ഇസ്‌ലാമിക സമൂഹത്തിൽ മാറ്റി നിർത്തപ്പെടുന്നവർ ഉണ്ടാവരുതെന്നായിരുന്നു ഇതിന്റെ കാതൽ. പിൽക്കാലത്ത് ചില വംശീയ വടംവലികൾ നടന്നപ്പോൾ അത് പരിധികടക്കാതിരുന്നതും ഇതുകൊണ്ടാണ്. കറുത്തവർഗക്കാരനെ പ്രസിഡന്റാക്കിയതിൽ അമേരിക്ക അഭിമാനിക്കുന്നതിനുമുമ്പ് നൂറ്റാണ്ടുകൾക്ക് മുമ്പുള്ള ബഗ്ദാദ് ഭരണാധികാരികളെ അവർ പഠിക്കണമായിരുന്നു. മറ്റു മതങ്ങളോടും വംശങ്ങളോടും 'ഭീകരമായി' പെരുമാറുന്നു എന്നതാണ് മുസ്‌ലിംകളെക്കുറിച്ചുള്ള പൊതുവായി രൂപപ്പെട്ട ധാരണകൾ. ഇത് ഇറാഖിലും ഫലസ്ത്വീനിലും അഫ്ഗാനിസ്താനിലും ചെന്നാൽ വളരെ പെട്ടെന്ന് ബോധ്യമാവും, ആരാണ് സിവിൽ സമൂഹത്തോടും മറ്റു വംശജരോടും ക്രൂരമായി പെരുമാറുന്നതെന്ന്. അമേരിക്കൻ ജയിലുകളിൽ 70 ശതമാനത്തിലധികം കറുത്തവർഗക്കാരായതും ഇതുകൊണ്ടാണ്. ചുരുക്കത്തിൽ, മുസ്‌ലിംകളെ ഭീകരവാദത്തിന്റെ സിംബലുകളാക്കി ആക്രമിക്കാനുള്ള പടിഞ്ഞാറിന്റെ വ്യാജ അവകാശവാദങ്ങളാണ്, തങ്ങൾ സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും ആളുകളുകളാണെന്നതും മുസ്‌ലിംകൾ അപരിഷ്കൃതരും അസഹിഷ്ണുക്കളുമാണെന്നതും. ചരിത്രപരമായോ സാമൂഹികമായോ അത്തരം അവകാശവാദങ്ങൾക്ക് യാതൊരു നിലനിൽപുമില്ല. ■

**വിവ: ശിഹാബ് പൂക്കോട്ടൂർ**
shihabpktrsio@gmail.com